LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്. മാൻഹോളുകൾ വൃത്തിയാക്കുന്നതിനായി "ബാൻഡിക്കൂട്ട്" എന്ന പേരിൽ ഒരു റോബോട്ട് സംവിധാനം ജെൻറ്റോബോട്ടിക്സ് എന്ന സ്റ്റാർട്ടപ്പ് സ്ഥാപനം കേരള ജല അതോറിറ്റിയുടെ സഹകരണത്തോടെ വികസിപ്പിച്ചിട്ടുണ്ട്. ഈ യന്ത്ര മനുഷ്യന്റെ പ്രവർത്തനം പരീക്ഷണാടിസ്ഥാനത്തിൽ നടപ്പിലാക്കിവരുന്നു. കേരള വാട്ടർ അതോറിറ്റിയും കേരള സ്റ്റാർട്ടപ്പ് മിഷനുമായി ചേർന്ന് കേരള വാട്ടർ അതോറിറ്റി ഇന്നവേഷൻ സോൺ ( KWIZ) ന്റെ ആഭിമുഖ്യത്തിലാണ് ഇത് സാധ്യമാക്കിയത്. നിലവിൽ പരീക്ഷണാടിസ്ഥാനത്തിൽ മാൻഹോളുകളിൽ ഇറക്കി തടസ്സം നീക്കം ചെയ്യുകയും അതുവഴി യന്ത്രത്തിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരികയും ചെയ്യുന്നു.

(ബി) പരീക്ഷണാടിസ്ഥാനത്തിൽ പ്രവർത്തനം ആരംഭിച്ചുകഴിഞ്ഞു.

(സി) പരീക്ഷണാടിസ്ഥാനത്തിലുള്ള പ്രവർത്തനം വിലയിരുത്തിയശേഷം ഉപയോഗപ്രദമാകുന്നപക്ഷം കേരള വാട്ടർ അതോറിറ്റിയുടെ പരിധിയിൽ നിലവിൽ സ്വിവറേജ് സംവിധാനം ഉള്ള സ്ഥലങ്ങളിൽ വ്യാപകമായി ഉപയോഗിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

## ലേബർ കോഡ് ഓൺ സോഷ്യൽ സെക്യൂരിറ്റി ആന്റ് വെൽഫെയർ ബിൽ

243 (2428) ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാർ പ്രസിദ്ധീകരിച്ച ലേബർ കോഡ് ഓൺ സോഷ്യൽ സെക്യൂരിറ്റി ആന്റ് വെൽഫയർ ബില്ലിലെ വ്യവസ്ഥകൾ സംസ്ഥാനത്തെ തൊഴിലാളികളുടെ താല്പര്യങ്ങൾക്ക് വിരുദ്ധമാണെന്ന് സർക്കാരിന് അഭിപ്രായമുണ്ടോ; ഉണ്ടെങ്കിൽ എന്തുകൊണ്ടെന്ന് വിശദമാക്കുമോ;

(ബി) ഈ ബിൽ സംബന്ധിച്ച സർക്കാരിന്റെ അഭിപ്രായം കേന്ദ്ര സർക്കാരിനെ അറിയിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(1) കേന്ദ്ര സർക്കാർ പ്രസിദ്ധീകരിച്ച ലേബർ കോഡ് ഓൺ സോഷ്യൽ സെക്യൂരിറ്റി ആന്റ് വെൽഫയർ ബില്ലിന്റെ കരടിൽ സ്കീമുകളെ സംബന്ധിച്ചും തൊഴിലാളികൾക്ക് നൽകേണ്ട ആനുകൂല്യങ്ങളെ സംബന്ധിച്ചും പരാമർശിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

(2) ലേബർ കോഡ് ഓൺ സോഷ്യൽ സെക്യൂരിറ്റി ആന്റ് വെൽഫെയർ ബിൽ നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട് നാഷണൽ സോഷ്യൽ സെക്യൂരിറ്റി കൗൺസിൽ, സെൻട്രൽ ബോർഡ് ഓഫ് സോഷ്യൽ സെക്യൂരിറ്റി, സ്റ്റേറ്റ് ബോർഡ് ഓഫ് സോഷ്യൽ സെക്യൂരിറ്റി എന്നിവയിൽ ട്രേഡ് യൂണിയൻ തൊഴിലാളി/തൊഴിലുടമ പ്രതിനിധികൾക്ക് മതിയായ പ്രാതിനിധ്യമില്ല.

(3) നിലവിലുള്ള എംപ്ലോയീസ് പ്രോവിഡന്റ് ഫണ്ട് ആക്ട്, മിസലേനിയസ് ആക്ട്, എംപ്ലോയീസ് പ്രോവിഡന്റ് ഫണ്ട് സ്കീം, എംപ്ലോയീസ് ഡെപ്പോസിറ്റ് ലിങ്ക്സ് ഇൻഷ്വറൻസ് സ്കീം, എംപ്ലോയീസ് സ്റ്റേറ്റ് ഇൻഷ്വറൻസ് ആക്ടിന്റെ പരിധിയിലുള്ള വിവിധ സ്കീമുകൾ ഉൾപ്പെടെ റദ്ദാക്കപ്പെടും. നിലവിലുള്ള സ്കീം ഇംപ്ലിമെന്റേഷൻ ഘടന തകർക്കപ്പെടും. പുതിയ സ്കീം നിലവിൽ വരുമ്പോൾ നിലവിലുള്ള ക്ഷേമപദ്ധതികളും ക്ഷേമഫണ്ടുകളും നിലനിൽക്കാത്ത സാഹചര്യം ഉണ്ടാകും. നിലവിലുള്ള ഇ.പി.എഫ്., ഇ.എസ്.ഐ സ്കീമുകൾ തുടരണമോ എന്നത് സംബന്ധിച്ച് കോഡിൽ പരാമർശിക്കുന്നില്ല.

ഇ.പി.എഫ്., ഇ.പി.എസ്., ഇ.എസ്.ഐ. മുതലായ സാമൂഹ്യ സുരക്ഷാ പദ്ധതികൾ കേന്ദ്ര സർക്കാരിൽനിന്നും മാറ്റി സംസ്ഥാനങ്ങൾക്ക് നൽകാനുള്ള ശിപാർശ ഉചിതമല്ല.

കേരളത്തിൽ നിലവിലുള്ള ക്ഷേമനിധികളിൽ നാമമാത്രമായ അംശദായമേ തൊഴിലാളികളിൽനിന്ന് ഈടാക്കിവരുന്നുള്ളൂ.

പുതിയ നിയമപ്രകാരം തൊഴിലാളി അടയ്ക്കേണ്ടിവരുന്നത് വേതനത്തിന്റെ 12.5% ആണ്. നിലവിൽ 10,000 രൂപ മാസശമ്പളമുള്ള ഒരു പീടികത്തൊഴിലാളി മാസം 20 രൂപ അംശദായം അടയ്ക്കുമ്പോൾ പുതിയ നിയമപ്രകാരം 1250 രൂപ അടയ്ക്കേണ്ടതായി വരും. അസംഘടിത മേഖലയിലെ ലക്ഷോപലക്ഷം തൊഴിലാളികളാണ് നാമമാത്രമായ അംശദായം നൽകി വിവിധ തരത്തിലുള്ള ആനുകൂല്യങ്ങൾ കേരളത്തിൽ കൈപ്പറ്റിവരുന്നത്. പുതിയ നിയമപ്രകാരമുള്ള തൊഴിലാളി വിഹിതം നൽകാൻ കഴിയാതെ വന്നാൽ ഇവർക്ക് തങ്ങളുടെ രജിസ്ട്രേഷൻ നിലനിർത്താൻ കഴിയാതെവരും.

(4) സംസ്ഥാന തലത്തിൽ സ്കീം നടപ്പിലാക്കുന്നതിന് സ്വകാര്യ പങ്കാളിത്തം നൽകാനുള്ള തീരുമാനം ആശാസ്യമല്ല.

(5) അസംഘടിത മേഖലയിലെ തൊഴിലാളികൾ, അപ്രന്റീസുകൾ എന്നിവർക്ക് നൽകുന്ന ആനുകൂല്യം സംബന്ധിച്ചും അവ്യക്തത നിലനിൽക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(6) സംഘടിത മേഖലകളിലെയും അസംഘടിത മേഖലകളിലെയും തൊഴിലാളികളുടെ സേവന വേതന മേഖലകളിൽ നിലനിൽക്കുന്ന അന്തരം പരിഗണിച്ചിട്ടില്ല. ഇരു വിഭാഗം തൊഴിലാളികളും ആനുകൂല്യങ്ങൾ ലഭിക്കുന്നതിന് മാസവേതനത്തിന്റെ 12.5% നൽകണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്.

ദേശീയതലത്തിലും സംസ്ഥാനതലത്തിലും അതിവിപുലമായ രീതിയിൽ വിഭാവനം ചെയ്യുന്ന ഈ സാമൂഹ്യ സുരക്ഷാ സംവിധാനത്തിന്റെ വിവിധ തലത്തിലുള്ള നിർവ്വഹണം മധ്യവർത്തി ഏജൻസികൾ മുഖേന നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് കാണുന്നു. ഫണ്ട് മാനേജ്മെന്റ്, സേവനദാനം, ആനുകൂല്യ വിതരണം, രേഖാ സൂക്ഷിപ്പ് എന്നിവയ്ക്കെല്ലാം ഇപ്രകാരമുള്ള ഏജൻസികൾക്ക് ലൈസൻസ് നൽകുമെന്നാണ് പറയുന്നത്. തൊഴിൽവകുപ്പും വിവിധ ക്ഷേമബോർഡുകളും ഉൾപ്പെടെയുള്ള സർക്കാർ സംവിധാനം നമ്മുടെ സംസ്ഥാനത്ത് കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ട്. ഇ.പി.എഫ്., ഇ.എസ്.ഐ. സംവിധാനങ്ങൾക്ക് നിലവിലുള്ള ജീവനക്കാരും സംഘടനയും നിയമ നിർദ്ദേശപ്രകാരം സാമൂഹ്യസുരക്ഷാ ബോർഡുകളിലേയ്ക്ക് വിന്യസിക്കേണ്ടിവരും. സർക്കാർ നിയന്ത്രിത സംവിധാനങ്ങൾ നിലനിൽക്കുമ്പോൾ സർക്കാരിതര മധ്യവർത്തി ഏജൻസികളെ നിർവ്വഹണം ഏൽപ്പിക്കുന്നത് അഭികാമ്യമല്ല.

മറ്റൊരു സുപ്രധാന വിഷയം ഫണ്ട് മാനേജ്മെന്റുമായി ബന്ധപ്പെട്ടതാണ്. സംസ്ഥാന ബോർഡിൽനിന്നും വരുന്ന അധിക ഫണ്ടുകൾ സെൻട്രൽ ബോർഡിലേയ്ക്ക് അടവാക്കണമെന്നും അത് പ്രൊഫഷണൽ വൈദഗ്ദ്ധ്യത്തോടെ നിക്ഷേപ സാധ്യതകൾക്കായി വിനിയോഗിക്കണമെന്നും സ്കീം നടപ്പിലാക്കുന്നതിന്റെ ചെലവിനങ്ങൾക്ക് അത് സംസ്ഥാന ബോർഡുകളിലേയ്ക്ക് മടക്കി നൽകുമെന്നാണ് പറയുന്നത്. ഈ നിർദ്ദേശം തൊഴിലാളി താത്പര്യത്തിന് എതിരാകുമെന്ന നിഗമനമാണ് സംസ്ഥാന സർക്കാരിനുള്ളത്.

(ബി) ഉണ്ട്.

## മതിയായ സുരക്ഷാ സംവിധാനങ്ങളില്ലാതെ നിർമ്മാണ മേഖലയിൽ അപകടങ്ങൾ

244(2429) <u>ശ്രീ. രാജു എബ്രഹാം :</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ നിർമ്മാണ മേഖലയിൽ മതിയായ സുരക്ഷാ സംവിധാനങ്ങൾ ഇല്ലാതെ തൊഴിലാളികൾ അപകടങ്ങളിൽപ്പെട്ട് മരണമടയുന്നതും ഗുരുതരമായി പരിക്കേൽക്കുന്നതും സർക്കാരിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; കഴിഞ്ഞ 3 വർഷത്തിനുള്ളിൽ ഇത്തരത്തിൽ അപകടങ്ങളിൽപ്പെട്ട് മരിച്ചവരുടേയും ഗുരുതരമായി പരിക്കേറ്റവരുടെയും എണ്ണം ലഭ്യമാക്കാമോ: